"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- NFWF 2000-2001 ഭവന നിർമ്മാണ പദ്ധതി പ്രകാരം ശ്രീമതി എൻ. കാർത്ത്യായനി കൈപ്പറ്റിയ പലിശയും, പിഴപ്പലിശയും ഒഴിവാക്കി തുക തിരിച്ചടയ്ക്കുന്നതിനും, ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.524/2026/F&P തീയതി,തിരുവനന്തപുരം, 05-09-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 14/08/2026-ലെ DFTVM/2639/2026-N1 നമ്പർ കത്ത്.

**ഉത്തരവ്**

NFWF 2000-2001 ഭവന നിർമ്മാണ പദ്ധതിയിലെ ഗുണഭോക്താവായ കാസർഗോഡ് ജില്ലയിലെ ശ്രീമതി എൻ.കാർത്ത്യായനി, പദ്ധതി പ്രകാരം 28,000/- രൂപ ധനസഹായം കൈപ്പറ്റിയിരുന്നു. എന്നാൽ, സാമ്പത്തിക പരാധീനത മൂലം അപേക്ഷകയ്ക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. വാർദ്ധക്യസഹജമായ ആരോഗ്യപ്രശ്നങ്ങളും, സാമ്പത്തിക ബുദ്ധിമുട്ടുകളും നേരിടുന്നതിനാൽ, പലിശയും പിഴപ്പലിശയും ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ട 1,55,323/- രൂപ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, ആയതിനാൽ, പലിശയും പിഴപ്പലിശയും ഒഴിവാക്കി പദ്ധതിപ്രകാരം കൈപ്പറ്റിയ തുകയായ 28,000/- രൂപ മാത്രം സർക്കാരിലേക്ക് തിരിച്ചടച്ച്, പദ്ധതിയുടെ ഭാഗമായി പണയപ്പെടുത്തിയ ആധാരം തിരികെ അനുവദിക്കണമെന്ന് അപേക്ഷക അഭ്യർത്ഥിച്ചിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ശ്രീമതി എൻ.കാർത്ത്യായനി-യ്ക്ക് ധനസഹായം അനുവദിച്ച് 26 വർഷത്തോളമായെങ്കിലും, വീട് പണി പൂർത്തീകരിക്കാത്തത് അപേക്ഷകയുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ടാണെന്ന് ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ, അപേക്ഷകയുടെ നിലവിലെ സാമ്പത്തികസ്ഥിതിയും, വാർദ്ധക്യ സഹജവും ആരോഗ്യപരവുമായ ബുദ്ധിമുട്ടുകളും പരിഗണിച്ച്, മാനുഷിക പരിഗണന നൽകി, പലിശയും

പിഴപ്പലിശയും ഒഴിവാക്കി, കൈപ്പറ്റിയ തുകയായ 28,000/-രൂപ മാത്രം സർക്കാരിലേക്ക് തിരിച്ചടപ്പിച്ച് ആധാരം തിരികെ നൽകുന്നതിന് ആവശ്യമായ സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി എൻ. കാർത്ത്യായനി നേരിടുന്ന വാർദ്ധക്യസഹജമായ ആരോഗ്യപ്രശ്നങ്ങളും, സാമ്പത്തിക ബുദ്ധിമുട്ടുകളും പരിഗണിച്ച്, മാനുഷിക പരിഗണന നൽകി, അപേക്ഷക അടയ്ക്കേണ്ട പലിശയും, പിഴപ്പലിശയും ഒഴിവാക്കി 28,000/- രൂപ മാത്രം തിരിച്ചടപ്പിച്ച് ആധാരം തിരികെ നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീതാ കുമാരി.എൽ.പി
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ കേരളം), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/261/2026/മതുവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha Shiju
Date: 05-09-2026
18:06:23

സെക്ഷൻ ഓഫീസർ